**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3695** **14-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മണ്ഡലത്തിലെ തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | മഞ്ചേരി മണ്ഡലത്തിലെ തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധന നടത്തി, ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | മിൽമ ക്ഷീരകർഷകന് കൊടുക്കുന്ന പാൽ വില വളരെ തുച്ഛമാണെന്നുള്ള വസ്തുത മനസ്സിലാക്കി ഇത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | പാലിന് ഏറ്റവും കൂടുതൽ വില നൽകുന്ന സംസ്ഥാനം കേരളമാണ്. മിൽമ ക്ഷീര സംഘങ്ങൾക്ക് നൽകുന്ന പാൽ വില വർദ്ധിപ്പിച്ചിട്ടില്ല. എങ്കിലും ക്ഷീര കർഷകൻ പാലിന്റെ ഫാറ്റും എസ്. എൻ. എഫും അടിസ്ഥാനമാക്കിയുള്ള ഏകീകൃത പാൽ വില ചാർട്ട് പ്രകാരമുള്ള പാൽ വില ഓരോ പത്ത് ദിവസം കൂടുംതോറും കൃത്യമായി ക്ഷീര സംഘങ്ങൾക്ക് മിൽമ കൈമാറുന്നുണ്ട്. പാൽ വില വർദ്ധിപ്പിച്ചിട്ടില്ല എങ്കിലും ക്ഷീര കർഷകരുടെ പാലുൽപ്പാദന ചെലവ് കുറയ്ക്കുന്നതിന് വേണ്ടി മേഖലാ യൂണിയനുകൾ ഗുണനിലവാരമുള്ള മിൽമ കാലിത്തീറ്റ ക്ഷീര സംഘങ്ങൾ വഴി കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷക്കാലമായി മിൽമ കാലിത്തീറ്റയ്ക്ക് വില വർദ്ധിപ്പിച്ചിട്ടില്ല.<br><br>കേരളത്തിലെ ഉല്പാദന ചെലവ് കൂടുതൽ ആയതിനാലാണ് ഈ മേഖലയിൽ ലാഭം കുറയുന്നത്. തീറ്റപ്പുൽകൃഷി വ്യാപന പദ്ധതികൾ , യന്ത്രവൽക്കരണത്തിനുള്ള ധനസഹായ പദ്ധതികൾ കൂടാതെ ശാസ്ത്രീയമായ പശുപരിപാലന പരിശീലനങ്ങൾ തുടങ്ങിയ പദ്ധതികളിലൂടെ ഉല്പാദന ചെലവ് കുറയ്ക്കുവാനുള്ള മാർഗ്ഗങ്ങൾ നടപ്പാക്കി വരുന്നു. |
| (സി) | വേനൽക്കാലത്ത് ക്ഷീര കർഷകർക്ക് ആവശ്യമായ വൈക്കോൽ സബ്സിഡിയിൽ ലഭ്യമാക്കുന്നതിനുള്ള | (സി) | വേനൽക്കാലത്ത് തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും, |

| | | | |
|---|---|---|---|
| | നടപടികൾ സ്വീകരിക്കുമോ; | | വൈക്കോലും, സബ്സിഡി നിരക്കിൽ ക്ഷീരവികസന വകുപ്പ് നൽകി വരുന്നു.<br><br>മിൽമയുടെ കീഴിലുള്ള മലബാർ മേഖലാ യൂണിയൻ എം. ആർ. ഡി.എഫ് വഴി ഗുണനിലവാരമുള്ള വൈക്കോൽ മിതമായ വിലയിൽ ക്ഷീര കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.<br><br>എറണാകുളം മേഖലാ യൂണിയൻ വൈക്കോൽ / സൈലേജ് വിതരണത്തിനായി പ്രത്യേക സംവിധാനങ്ങളൊരുക്കി അന്യസംസ്ഥാനങ്ങളിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള വൈക്കോൽ, സൈലേജ് എന്നിവ കർഷകർക്ക് എല്ലാ വർഷവും ലഭ്യമാക്കുന്നുണ്ട്. വൈക്കോൽ/ സൈലേജ് എന്നിവയ്ക്ക് കിലോഗ്രാമിന് 2 രൂപ നിരക്കിൽ സബ്സിഡിയും നൽകി വരുന്നു. . |
| (ഡി) | 8.3 എസ്.എൻ.എഫ്.ഉം 3.5 ഫാറ്റും ലഭിക്കുന്ന ക്ഷീര കർഷകർക്ക് മാത്രമേ മിൽമയുടെ ആനുകൂല്യം ലഭിക്കുന്നുള്ളൂ എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ എല്ലാ ക്ഷീര കർഷകർക്കും ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന എല്ലാ ക്ഷീര കർഷകർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള പാലിന് ഇൻസെന്റീവ് , കാലിത്തീറ്റ സബ്സീഡി തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്.<br><br>മിൽമയുടെ മേഖലാ യൂണിയനുകൾ കർഷകർക്ക് നൽകുന്ന ഇൻസന്റീവുകൾക്കും പാലിന്റെ ഗുണനിലവാവാരം മാത്രമായി മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. പാലിന്റെ ഗുണനിലവാവാരത്തിനനുസരിച്ച് ഏകീകൃത പാൽ വില ചാർട്ട് പ്രകാരം മിൽമ പാൽ വില ഓരോ പത്ത് ദിവസം കൂടുംതോറും കൃത്യമായി ക്ഷീര സംഘങ്ങൾക്ക് കൈമാറുന്നുണ്ട്. മലബാർ മേഖലാ യൂണിയൻ അധികമായുള്ള ചില ആനുകൂല്യങ്ങൾ നൽകുമ്പോൾ കൂടുതൽ ഗുണനിലവാരമുള്ള പാൽ നൽകുന്ന കർഷകരെ സഹായിക്കുന്നതിനായി കർഷകർക്ക് അത്തരം പരിഗണന നൽകിവരുന്നുണ്ട്. അതുപോലെ പാൽവില ചാർട്ട് പ്രകാരം വില ലഭിക്കാത്ത പാൽ സംഘങ്ങളിൽ സ്വീകരിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ